**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - മഴക്കാലപൂർവ്വ ശുചീകരണം (2013-14) - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഫണ്ട് ചെലവഴിക്കുന്നതിന് പ്രത്യേകാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

തദ്ദേശ സ്വയംഭരണ (ഡിസി) വകുപ്പ്

സ.ഉ (സാധ) നമ്പർ1508/2013/തസ്വഭവ    തീയതി, തിരുവനന്തപുരം 11.06.2013

==========================================================================

പരാമർശം:- 1) 4/4/2013ലെ സ.ഉ(സാധ)നം.1200/2013/തസ്വഭവ [illegible].

2) ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 28/5/2013ലെ 927/ഡി/2013/ എസ്.എം നമ്പർ കത്ത്.

## <u>ഉത്തരവ്</u>

പരാമർശം (1)ലെ സർക്കാർ ഉത്തരവ് പ്രകാരം 2013-14 വർഷത്തേക്ക് മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വാർഡൊന്നിന് 10000/-(പതിനായിരം രൂപ) രൂപയിൽ കവിയാത്ത തുക ചെലവഴിക്കാൻ അനുമതി നൽകിയിരുന്നു.

മഴക്കാലപൂർവ്വ ശുചീകരണ(2013-14)ത്തിനായി അനുവദിച്ച ഫണ്ട് ലഭ്യമാക്കുവാൻ കാലതാമസം നേരിടുമെന്നതിനാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ചെലവഴിക്കപ്പെടാതെ അവശേഷിക്കുന്ന തുക, കഴിഞ്ഞവർഷം നൽകിയതിൽ ബാക്കിയുള്ളത് ഈ വർഷത്തിൽ ടി ആവശ്യത്തിന് ഉപയോഗിച്ച് ധനവിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്ക് ബാക്കി തുക നൽകാനും, പൂർണ്ണമായി പണം ചെലവഴിച്ചവർക്ക് അവരവരുടെ തനത്/ലഭ്യമായ ഫണ്ടിൽ നിന്നും തുക ചെലവഴിച്ച് ധനവിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്ക് ബാക്കി തുക നൽകാനും പരാമർശം (2)ലെ കത്ത് പ്രകാരം ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ അപേക്ഷിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെയടിസ്ഥാനത്തിൽ മഴക്കാലപൂർവ്വ ശുചീകരണ (2013-14) വുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് താഴെപ്പറയുന്ന നിർദ്ദേശങ്ങൾക്കനുസൃതമായി ഫണ്ട് ചെലവഴിക്കുന്നതിനായി പ്രത്യേകാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. 2012-13 സാമ്പത്തിക വർഷത്തിൽ മഴക്കാലപൂർവ്വ ശുചീകരണത്തിന് വാർഡൊന്നിന് 10,000/- രൂപ വീതം ലഭിച്ച തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ, പൂർണ്ണമായി പണം ചെലവഴിച്ചവർക്ക് ഈ സാമ്പത്തിക വർഷത്തിലും അടിയന്തിരമായി ടി തുക വാർഡൊന്നിന് പരമാവധി 10,000/- രൂപ വരെ അവരവരുടെ തനതുഫണ്ട്/ലഭ്യമായ ഫണ്ട് എന്നിവയിൽ നിന്നും തുക ചെലവഴിച്ച് ധനവിനിയോഗസർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്ക് ശുചിത്വമിഷനിൽ നിന്നും ഈ വർഷത്തെ തുക ലഭ്യമാക്കാൻ അനുവദിക്കാവുന്നതാണ്.
2. 2012-13 വർഷത്തിൽ ഭാഗികമായ തുക ചെലവഴിച്ചവർക്ക് അവരുടെ കൈവശം ടി കാര്യത്തിന് ചെലവഴിക്കാതെ അവശേഷിക്കുന്ന തുക ഈ വർഷത്തിൽ ഉടനടി ടി ആവശ്യത്തിന് ചെലവഴിച്ച് ധനവിനിയോഗസർട്ടിഫിക്കറ്റ് ശുചിത്വമിഷന് നൽകുവാനും അതിനോടൊപ്പം വാർഡൊന്നിന് കഴിഞ്ഞ വർഷം ചെലവഴിച്ച തുകയ്ക്ക് തുല്യമായ തുക തനതു ഫണ്ട്/ലഭ്യമായ ഫണ്ട് ഇവയിൽ നിന്നും

ചെലവഴിക്കാനും തുടർന്ന് ധനവിനിയോഗസർട്ടിഫിക്കറ്റ് ശുചിത്വമിഷന് നൽകി ഈ വർഷത്തെ ബാക്കി തുക ലഭ്യമാക്കാനും അനുവദിക്കാവുന്നതാണ്.

3. തുകയൊന്നും ചെലവഴിക്കാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അവരുടെ കൈവശം മുൻവർഷം നൽകിയ തുക വാർഡൊന്നിന് 10,000/- രൂപ വീതം അവശേഷിക്കുന്നത് ഈ വർഷത്തെ പ്രവർത്തനധനത്തിന് അടിയന്തരമായി ചെലവഴിച്ച് വിനിയോഗസർട്ടിഫിക്കറ്റ് നൽകാനും അനുവദിക്കാവുന്നതാണ്.

ഗവർണറുടെ ഉത്തരവിൻപ്രകാരം

ജയിംസ് വർഗീസ്
പ്രിൻസിപ്പൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
കമ്മീഷണർ, ഗ്രാമവികസന വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (Audit)/ (A&E)/(LBA), Kerala,Thiruvananthapuram.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
തിരുവനന്തപുരം.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്: മുഖ്യമന്ത്രിയുടെ പി.എസ്-ന്
നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പ് മന്ത്രിയുടെ പി.എസ്-ന്.
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ-യ്ക്ക്